LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റുകളിലൂടെയും സഹകരണ സംഘങ്ങളിലൂടെയും പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും ഗുണമേൻമയുള്ള നിത്യോപയോഗ സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ 20% മുതൽ 60% വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 2009-10 സാമ്പത്തിക വർഷം കൺസ്യൂമർഫെഡ് നടത്തിയ ഉത്സവകാല ചന്തകൾക്ക് 20 കോടി രൂപ സബ്സിഡി ഇനത്തിൽ കൺസ്യൂമർഫെഡിന് നൽകിയിട്ടുണ്ട്.

(സി) ഈ വർഷത്തെ ഉത്സവകാലത്ത് സഹകരണ ഓണം-റംസാൻ വിപണി അഞ്ച് ഘട്ടങ്ങളിലായി 75 ദിവസം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ജൂലൈ 20 മുതൽ ഒക്ടോബർ 2 വരെ 75 ദിവസം നീണ്ടു നിൽക്കുന്ന വിപണനം നടത്തുന്നതിന് 13 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് സിവിൽസപ്ലൈസ് കോർപ്പറേഷന് നൽകുന്നതിന് സമാനമായ രീതിയിൽ സബ്സിഡി നൽകണമെന്നും അതിനുപുറമേ ഒന്നാം ഘട്ട പദ്ധതിക്ക് 2 കോടി രൂപയും രണ്ടാംഘട്ട പദ്ധതിക്ക് 16 കോടി രൂപയും മൂന്നാംഘട്ട പദ്ധതിക്ക് 4 കോടി രൂപയും നാലാംഘട്ട പദ്ധതിക്ക് 8 കോടി രൂപയും അഞ്ചാംഘട്ട പദ്ധതി നടപ്പിലാക്കാൻ 5 കോടി രൂപയും ഉൾപ്പെടെ 35 കോടി രൂപ വിവിധയിനം അരിയും ഓണം റംസാൻ വിഭവങ്ങളും ഉൾപ്പെടെ വിൽപ്പന നടത്തുന്നതിനുള്ള പ്രത്യേക സാമ്പത്തിക സഹായമായി അനുവദിക്കുന്നതിനും ആയതിന്റെ ഭാഗമായി നിത്യോപയോഗ സാധനങ്ങൾ മുൻകൂട്ടി സംഭരിക്കാനുള്ള ആവശ്യത്തിലേയ്ക്കായി 20 കോടി രൂപ മുൻകൂറായി അനുവദിക്കണമെന്നും സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

(ഇ) അവശ്യ സാധന വിതരണമേള എന്ന പേരിൽ സെപ്തംബർ 11 മുതൽ ഒക്ടോബർ 2 വരെ നീണ്ടുനിൽക്കുന്ന 5000 സഹകരണ വിപണന കേന്ദ്രങ്ങളിലൂടെ 10 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ നിന്നും ശരാശരി 25% വില കുറച്ച് വിൽപ്പന നടത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

പാമോയിലിന് അനുവദിച്ചിട്ടുള്ളതുപോലെ വെളിച്ചെണ്ണയ്ക്കും സബ്സിഡി

15 (*585) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമോയിലിന് അനുവദിച്ചിട്ടുള്ളതുപോലെ വെളിച്ചെണ്ണയ്ക്കും സബ്സിഡി അനുവദിക്കുമെന്ന കേന്ദ്രമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വെളിച്ചെണ്ണയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ;

(സി) കൊപ്രയുടെ താങ്ങുവിലയിൽ കേന്ദ്ര സർക്കാർ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് പര്യാപ്തമാണോ ;

(ഡി) കേരോൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് സർക്കാർ എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വിശദീകരിക്കാമോ ;

(ഇ) വെളിച്ചെണ്ണക്കെതിരെയുള്ള ദുഷ്പ്രചരണങ്ങൾ ശാസ്ത്രീയമായി തുറന്നുകാട്ടുന്നതിനും വെളിച്ചെണ്ണയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):

(എ) മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതല്ലാതെ കേന്ദ്ര ഗവൺമെന്റിൽനിന്നും യാതൊരറിയിപ്പും ലഭിച്ചിട്ടില്ല.

(ബി) നാളിതുവരെ വെളിച്ചെണ്ണയ്ക്ക് കേന്ദ്ര സർക്കാർ സബ്സിഡി ഒന്നുംതന്നെ അനുവദിച്ചിട്ടില്ല. പാമോയിലിന് അനുവദിച്ച 15 രൂപ സബ്സിഡി വെളിച്ചെണ്ണയ്ക്കും അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി 24-6-2009-ൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും കേന്ദ്ര കൃഷി വകുപ്പ് സഹമന്ത്രിക്കും കത്ത് അയച്ചിരുന്നു. നാളികേര കർഷകരെ സഹായിക്കുന്നതിനായി വെളിച്ചെണ്ണയ്ക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 22-12-2009-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു.

(സി) ഇല്ല. 2009 സീസണിൽ പ്രഖ്യാപിച്ച അതേ താങ്ങുവില തന്നെയാണ് 2010 സീസണിലേക്കും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഫെയർ ആവറേജ് ക്വാളിറ്റി അനുസരിച്ച് മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 4450 രൂപയും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 4700 രൂപയുമാണ്. ഇത് യഥാക്രമം 4950 രൂപയും 5200 രൂപയുമായി 2011 സീസണിൽ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കേരഫെഡ് വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നതിനുപുറമേ കരുനാഗപ്പള്ളിയിൽ പണിതുവരുന്ന പ്ലാന്റ് പൂർത്തീകരിക്കുമ്പോൾ പുതിയ പ്രോജക്ടുകൾ നടപ്പിലാക്കുന്നതാണ്. ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് ക്രീം, വിനാഗിരി, തെങ്ങിൻപൂക്കുല രസായനം, വെന്തവെളിച്ചെണ്ണ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ പരിശോധിച്ചുവരുന്നു. കൂടാതെ തെങ്ങിൻതടി ഉപയോഗിച്ച് പാനൽ ബോർഡ്, കട്ടള, ജന്നൽ, ഗൃഹോപകരണങ്ങൾ എന്നിവയുടെ പ്രോജക്ടുകളും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) വെളിച്ചെണ്ണയ്ക്കെതിരെയുള്ള ദുഷ്പ്രചരണങ്ങൾ ശാസ്ത്രീയമായി നേരിടുന്നതിനും വെളിച്ചെണ്ണയുടെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും നാളികേര വികസന ബോർഡ് പല നടപടികളും കൈക്കൊണ്ടിട്ടുണ്ട്. അമൃത

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ തുടങ്ങിയ പ്രശസ്ത സ്ഥാപനങ്ങൾ ബോർഡിന്റെ സാമ്പത്തിക സഹായം ഉപയോഗിച്ച് ശാസ്ത്രീയ പഠനങ്ങൾ നടത്തിവരികയാണ്. കൂടാതെ, ഇലക്ട്രോണിക് പ്രിന്റ്, മറ്റ് മാധ്യമങ്ങൾവഴി പരസ്യങ്ങൾ, ഹോൾഡിങ്ങുകൾ സ്ഥാപിക്കൽ തുടങ്ങിയ രീതികളും സ്വീകരിച്ചുവരുന്നു. പ്രശസ്ത ഡോക്ടർമാരുടെ സാന്നിദ്ധ്യത്തിൽ ചർച്ചകളും സെമിനാറുകളും നടത്തി വെളിച്ചെണ്ണയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു.

കയർ മേഖലയിലെ മൂലധന നിക്ഷേപം

16 (*586) ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിലെ മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ആലപ്പുഴയിൽ സ്ഥാപിക്കുന്ന കയർ യന്ത്ര നിർമ്മാണ ഫാക്ടറിക്കു വേണ്ടി എത്ര കോടി രൂപ മുതൽ മുടക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) കയർഫെഡിന്റെ ചുമതലയിൽ പി.വി.സി. ടഫ്റ്റഡ് ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ഡീഫൈബറിംഗ് മില്ലുകളുടെ പുനരുജ്ജീവനത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) കയർ മേഖലയിൽ പുതുതായി എന്തെല്ലാം പദ്ധതികൾക്ക് ഈ വർഷം തുടക്കം കുറിക്കുമെന്ന് വെളിപ്പെടുത്തുമോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ജീവനക്ഷമമായ കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിച്ചും അവയുടെ ബാദ്ധ്യതകൾ സർക്കാർ ഷെയറായി എഴുതിതള്ളിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പ ഒറ്റത്തവണണ തീർപ്പാക്കുന്ന കയർ കടാശ്വാസ പദ്ധതി നടപ്പിലാക്കിയും ഈ മേഖലയിലെ മൂലധന നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. കൂടാതെ സഹകരണ മേഖല, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് പുതിയ ഡീഫൈബറിംഗ് മില്ല് സ്ഥാപിക്കുന്നതിന് 75% സബ്സിഡി പരമാവധി 25 ലക്ഷം രൂപയും സ്വകാര്യ ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് മൂലധന നിക്ഷേപത്തിന്റെ 50% പരമാവധി 10 ലക്ഷം രൂപയും

LIBRARY ARCHIVES Kerala Legislative Assembly